## പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:108 11/06/2012 - ൽ മറുപടിക്ക്

### മത്സ്യമേഖലയിലെ അനുബന്ധ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. തിലോത്തമൻ | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് മത്സ്യമേഖലയിലെ അനുബന്ധ തൊഴിലാളികളുടെ മക്കൾക്കും നൽകുന്നുണ്ടോ എന്ന കാര്യം വ്യക്തമാക്കുമോ; ഇല്ലെങ്കിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ സ്കോളർഷിപ്പും മറ്റ് ആനുകൂല്യങ്ങളും മത്സ്യമേഖലയിലെ അനുബന്ധതൊഴിലിൽ ഏർപ്പെടുന്നവരുടെ മക്കൾക്കും നൽകാൻ നടപടി സ്വീകരിക്കുമോ; | (എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം മത്സ്യമേഖലയിലെ അനുബന്ധതൊഴിലാളികൾക്ക് നൽകുന്നില്ല. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സ്വാശ്രയം ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനായി പ്രതിവർഷം ഏകദേശം 20 കോടിയോളം രൂപ വേണ്ടി വരുന്നതാണ്. ഇതിനായി കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്നില്ല. മത്സ്യബന്ധനോപകരണങ്ങൾക്കായി കിടപ്പാടം പണയപ്പെടുത്തി കടലിനോട് മല്ലിട്ട് വിദേശനാണ്യം നേടിത്തരുന്ന മത്സ്യസമ്പത്ത് കരയിലെത്തിക്കുന്നതിനാലാണ് മത്സ്യതൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നത്. 7000-ൽ പരം അനുബന്ധതൊഴിലാളികളാണ് മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. നിലവിൽ |

| | |
|---|---|
| | രജിസ്റ്റർ ചെയ്തിട്ടുള്ള അനുബന്ധ തൊഴിലാളികളുടെ ഇൻഷ്വറൻസ് പരിരക്ഷയ്ക്കായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം അപകട മരണ ഇൻഷ്വറൻസിന്റെ പ്രീമിയം അടയ്ക്കുന്നതിനായി 30 ലക്ഷം രൂപ 2405-00-800-50 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. ഇൻഷ്വറൻസ് തുക 3 ലക്ഷം രൂപയാണ്. കേരളത്തിലെ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ അനുബന്ധ തൊഴിലാളികളുടെ മക്കൾക്ക് പ്രവേശനം നൽകി വരുന്നു. ഈ സ്കൂളുകളിൽ എല്ലാ കുട്ടികൾക്കും താമസിച്ച് പഠിക്കുന്നതിനുള്ള സൗകര്യം ഉണ്ട്. ഓരോ കുട്ടിക്കും ഭക്ഷണചെലവിനായി പ്രതിമാസം 1000 രൂപ നൽകുന്നുണ്ട്. |
| (ബി) ശ്രീ. ആന്റണി. കെ.എക്സ്, കരിയിൽ വീട്, ആർത്തുങ്കൽ. പി.ഒ എന്നയാൾ തന്റെ കുട്ടിയുടെ വിദ്യാഭ്യാസ സ്കോളർഷിപ്പ് ലഭിക്കാത്തതു സംബന്ധിച്ച് നൽകിയിട്ടുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ? | വിദ്യാഭ്യാസ സ്കോളർഷിപ്പ് ലഭിക്കാത്തതു സംബന്ധിച്ച ശ്രീ. ആന്റണിയുടെ അപേക്ഷ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ